## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5776 03.11.2016-ൽ മറുപടിയ്ക്ക്

**കുളിമാട് ഗ്രാമീണ കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ടി.എ. റഹീം : | | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) എൻ.സി.പി.സി പദ്ധതി പ്രകാരം നടപ്പിലാക്കിയ കുളിമാട് ഗ്രാമീണ കുടിവെള്ള പദ്ധതി നിലവിൽ ഗ്രാമപഞ്ചായത്തിന് ഏറ്റെടുത്ത് നടത്താൻ പ്രയാസം നേരിടുന്നതിനാൽ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് മാവൂർ ശുദ്ധീകരണശാലയിൽനിന്ന് കുടിവെള്ളം ലഭ്യമാക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; | എ യും ബി യും | കുളിമാട് ഗ്രാമീണ കുടിവെള്ള പദ്ധതി നിലവിൽ ഗ്രാമപഞ്ചായത്തിന് ഏറ്റെടുത്ത് നടത്താൻ ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഈ പദ്ധതിക്ക് കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ ജല ശുദ്ധീകരണ ശാലയിൽ നിന്നും വെള്ളം നൽകണമെന്ന ആവശ്യം നിലവിലുണ്ട്. ഇതു സംബന്ധിച്ച് തിരുവനന്തപുരത്ത് വച്ച് ചേർന്ന നിയോജകമണ്ഡല അവലോകന യോഗ ത്തിന്റെ തീരുമാനമായി മേൽപ്പറഞ്ഞ പ്രപ്പോസലിന്റെ എസ്റ്റിമേറ്റും റിപ്പോർട്ടും തയ്യാറാക്കി വരുന്നു. |
| ബി) പ്രസ്തുത പദ്ധതി നടപ്പിൽവരുത്തുന്ന പക്ഷം ചാത്തമംഗലം പഞ്ചായത്തിലെ പതിനഞ്ചായിരത്തിലേറെ ആളുകൾക്ക് കുടിവെള്ളമെത്തിക്കാൻ സാധിക്കും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നടപ്പിലാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ